ഉത്തരം

(എ—സി) കേരളാ ഗവൺമെന്റ് സെക്രട്ടേറിയറ്റ് മാനുവലിൽ അറ്റന്റർ, ക്ലറിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തസ്തികകളെ കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും കേരളാ ജനറൽ സബോർഡിനേറ്റ് സർവ്വീസ് (മിസലേനിയസ് പോസ്റ്റ്സ് ഇൻ സെക്രട്ടേറിയറ്റ്) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റൂൾസിലെ വ്യവസ്ഥകൾക്ക് പുറമേയുള്ള മറ്റു കാര്യങ്ങളിൽ കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾ ടി. വിഭാഗക്കാർക്കും ബാധകമാണ്.

പ്ലസ് ടു പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപക പരീക്ഷ

25 [5168] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് ടു അദ്ധ്യാപകരെ നിയമിക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം വിഭാഗങ്ങളിലേക്കുള്ള അദ്ധ്യാപക നിയമനത്തിനാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വിഷയങ്ങളിലേക്കുള്ള പ്ലസ് ടു അദ്ധ്യാപക നിയമനത്തിനാണ് ഇനിയും പി. എസ്. സി. പരീക്ഷ നടത്താനുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്ലസ് ടു പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപകരുടെ എത്ര ഒഴിവുകളിലേയ്ക്കാണ് പി. എസ്. സി. അപേക്ഷ ക്ഷണിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) നേരിട്ടുള്ള നിയമനം വഴിയുള്ള എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഇ) പ്ലസ് ടു അദ്ധ്യാപകരായി നിയമനം നടത്തുന്നതിന് പി. എസ്. സി. എന്ന് പരീക്ഷ നടത്തും എന്ന് വ്യക്തമാക്കാമോ; പരീക്ഷ നടത്താത്തതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഹയർ സെക്കണ്ടറി (പൊളിറ്റിക്കൽ സയൻസ്) സ്കൂൾ അദ്ധ്യാപക നിയമനത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ ബി. എഡ്. യോഗ്യത നേടിയിട്ടില്ലാത്തവരും എന്നാൽ ചുരുങ്ങിയത് 50% മാർക്കോടുകൂടി എം. എ. പരീക്ഷയും പി. എച്ച്. ഡി., എം. ഫിൽ. തുടങ്ങിയ യോഗ്യതയിൽ ഏതെങ്കിലും നേടിയിട്ടുള്ളവരുമായ അപേക്ഷകർക്കു കൂടി പരീക്ഷ എഴുതുന്നതിനും, നിയമനത്തിന് അർഹരെങ്കിൽ നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെപറയുന്ന വിഷയങ്ങളിൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിനുള്ള എഴുത്ത് പരീക്ഷ ഇതിനകം നടന്നുകഴിഞ്ഞിട്ടുണ്ട്:

1. ഇംഗ്ലീഷ്
2. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്
3. മലയാളം
4. ഹിന്ദി
5. അറബിക്
6. തമിഴ്
7. സുവോളജി
8. മാത്തമാറ്റിക്സ്
9. സോഷ്യോളജി
10. ഹിസ്റ്ററി
11. കോമേഴ്സ്
12. എക്കണോമിക്സ്

(ബി) (എ) വിഭാഗത്തിനുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ള 12 വിഷയങ്ങളിലേക്കുമുള്ള ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികയിലേക്കും കൂടാതെ സ്പെഷ്യൽ റൂളുകളിൽ പറഞ്ഞിട്ടുള്ള മറ്റു വിഷയങ്ങളിലേക്കുമുള്ള ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിലേക്കും ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികയിലേക്കുമുള്ള നിയമനത്തിനുള്ള പരീക്ഷകളാണ് ഇനിയും പി. എസ്. സി. നടത്താനുള്ളത്. സ്പെഷ്യൽ റൂൾസിൽ പറഞ്ഞിട്ടുള്ള മറ്റു വിഷയങ്ങളെ സംബന്ധിച്ച് വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) പ്ലസ് ടു പൊളിറ്റിക്കൽ സയൻസിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിൽ 72 ഒഴിവുകളിലേക്കും പിന്നീട് ഉണ്ടാകാനിടയുള്ള ഒഴിവുകളിലേക്കുമാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

(ഡി) ഒഴിവുകൾ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) പരീക്ഷ നടത്തുന്നതിന് പി. എസ്. സി. മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള സമയബന്ധിതമായ ചാർട്ട് പ്രകാരം പരീക്ഷകൾ നടന്നുകൊണ്ടിരിക്കുകയാണ്.

(എഫ്) പൊളിറ്റിക്കൽ സയൻസിൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് ബി. എഡ്. ബിരുദം സ്റ്റാറ്റ്യൂട്ടറി നിയമനം ചട്ടങ്ങൾപ്രകാരം ആവശ്യം വേണ്ട യോഗ്യതയാണെന്നിരിക്കേ യോഗ്യതയിൽനിന്നും ഇളവ് നൽകാൻ നിർവ്വാഹമില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly